കെ. എസ്. എഫ്. ഇ., കെ. എഫ്. സി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പാ ഇളവുകൾ

13 [470] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. എഫ്. ഇ., കെ. എഫ്. സി. തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് കുടിശ്ശിക തുകയിൽ ഇളവു നൽകി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

(ബി) ലോൺ തുകയേക്കാൾ പലിശ ഈടാക്കിയ കേസുകളിൽ, കുടിശ്ശിക തുക എഴുതി തള്ളാനുള്ള നടപടികൾ സ്വീകരിക്കുമോ;

(സി) കെ. എസ്. എഫ്. ഇ., കെ. എഫ്. സി. തുടങ്ങിയ സ്ഥാപനങ്ങൾ ഇപ്പോൾ ലോണുകൾക്ക് എത്ര ശതമാനമാണ് പലിശ ഈടാക്കുന്നതെന്ന് വ്യക്തമാക്കാമോ; മേൽ സ്ഥാപനങ്ങൾ മറ്റ് ധനകാര്യ സ്ഥാപനങ്ങളേക്കാൾ അധികം പലിശ ഈടാക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പലിശയിൽ ഗണ്യമായ ഇളവ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കെ. എഫ്. സി. യിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വരുത്തിയവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നിലവിലുണ്ടായിരുന്നു. ഈ പദ്ധതി 31-12-2005-ൽ അവസാനിച്ചു. 1-4-2005-ന് 24 മാസത്തിൽ കൂടുതൽ കുടിശ്ശികയുള്ള നിഷ്ക്രിയ ആസ്തികൾക്കാണ് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ബാധകമാക്കിയിരുന്നത്. ഇതനുസരിച്ച് മുതലിന്റെ 25 ശതമാനമോ, മൊത്തം തുകയുടെ (മുതലും പലിശയും ഉൾപ്പെടെ) 10 ശതമാനമോ, ഏതാണ് കുറവ് ആ തുക അഡ്വാൻസായി അടച്ച് 31-12-2005-ന് മുമ്പ് അപേക്ഷിച്ചവർക്ക് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിച്ചിട്ടുണ്ട്. കെ. എസ്. എഫ്. ഇ. യിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ഇപ്പോൾ നിലവിലില്ല.

(ബി) കുടിശ്ശിക തുക എഴുതി തള്ളുവാനുള്ള നടപടികൾ ഇപ്പോൾ പരിഗണനയിലില്ല.

(സി) കെ. എഫ്. സി. യുടെ വിവിധ പദ്ധതിയിൻപ്രകാരമുള്ള വായ്പകൾക്ക് 10.50 ശതമാനം മുതൽ 12.50 ശതമാനം വരെയുള്ള പലിശയാണ് ഈടാക്കുന്നത്. കെ. എസ്. എഫ്. ഇ. വിവിധ പദ്ധതി പ്രകാരമുള്ള വായ്പകൾക്ക് 8.5 ശതമാനം മുതൽ 12 ശതമാനം വരെയാണ് പലിശ ഈടാക്കുന്നത്. ഈ സ്ഥാപനങ്ങൾ അധിക പലിശ ഈടാക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പലിശ കുറയ്ക്കുന്ന നിർദ്ദേശം ഇപ്പോൾ നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly